നിങ്ങളിലൊരാൾ കോട്ടുവായ ഇട്ടാൽ തൻ്റെ കൈ കൊണ്ട്
വായയുടെ മേൽ പിടിക്കട്ടെ; തീർച്ചയായും പിശാച് (അതിലൂടെ)
പ്രവേശിക്കുന്നതാണ്
അബൂ സഈദ് അൽ-ഖുദ്രി -هُْنَع هُ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- പറഞ്ഞു: "നിങ്ങളിലൊരാൾ കോട്ടുവായ
ഇട്ടാൽ തൻ്റെ കൈ കൊണ്ട് വായയുടെ മേൽ പിടിക്കട്ടെ; തീർച്ചയായും പിശാച് (അതിലൂടെ)
പ്രവേശിക്കുന്നതാണ്."
[സ്വഹീഹ്] [മുസ്ലിം ഉദ്ധരിച്ചത്]
മടിയോ നിറഞ്ഞ വയറോ മറ്റോ കാരണത്താൽ ആർക്കെങ്കിലും കോട്ടുവായ വരികയും, അതിനായി അവൻ
വായ തുറക്കുകയുമാണെങ്കിൽ തൻ്റെ കൈ വായയുടെ മേൽ വെച്ചു കൊണ്ട് അത് അടച്ചു പിടിക്കട്ടെ
എന്ന് നബി (صلى الله عليه وسلم) കൽപ്പിക്കുന്നു. കാരണം (കോട്ടുവായ ഇടുമ്പോൾ) വായ തുറന്നു വെച്ചാൽ പിശാച്
അതിലൂടെ പ്രവേശിക്കുന്നതാണ്; എന്നാൽ കൈ കൊണ്ട് വായ അടച്ചു പിടിക്കുന്നത് പിശാചിൻ്റെ
പ്രവേശനത്തെ തടയുന്നതാണ്.
https://sunnah.global/hadeeth/ml/show/5280